മാർക്കറ്റ്

70.42	↑	സെൻസെക്സ്	34503.49
19.00	↑	നിഫ്ടി	10651.20

സ്വർണം

പവൻ (8ഗ്രാം)	21,960
ഒരു ഗ്രാം	2745

വിലക്കയറ്റത്തിന്റെ പുതുവത്സരം!

■ അരിക്കും തേങ്ങക്കും വെളിച്ചെണ്ണയ്ക്കുമെല്ലാം വില റോക്കറ്റ് പോലെ മേലോട്ട്

▸വി.ജയകുമാർ

കോട്ടയം: പുതുവർഷത്തിൽ അവശ്യവസ്തുക്കളുടെ വിലക്കയറ്റം സാധാരണക്കാരെ വലച്ച് റോക്കറ്റ് പോലെ കുതിക്കുന്നു. അരി, വെളിച്ചെണ്ണ, തേങ്ങ, മത്സ്യം, മാംസ വിലയെല്ലാം കുതിച്ചുയരുകയാണ്. അരിവിലെ കിലോയ്ക്ക് നാല് രൂപവരെ ഉയർന്നു. വെളിച്ചെണ്ണ, തേങ്ങ വിലകൾ പുതിയ ഉയരം തേടുകയാണ്. ഓഖി വിതച്ച പ്രതിസന്ധിയെ തുടർന്നുണ്ടായ മീൻവില കയറ്റം ഇനിയും ശമിച്ചിട്ടില്ല. ഇറച്ചിയ്ക്കും വില പൊന്നുംവിലയായി.

കുത്തരിക്ക് ചില്ലറവില കിലോയ്ക്ക് 50 രൂപയിലെത്തി. മട്ട അരിവില കിലോയ്ക്ക് 46 രൂപയിൽ നിന്ന് 50 രൂപയിലേക്ക് ഉയർന്നു. നെല്ല് കിട്ടാത്തതാണ് അരിവില കൂടാൻ കാരണം. ജയ, സുരേഖ അരികൾക്ക് കിലോയ്ക്ക് രണ്ടുരൂപയാണ് കൂടിയത്. കർഷകരിൽ നിന്ന് മില്ലുടമകൾ നെല്ല് ആവശ്യത്തിന് സംഭരിച്ചെങ്കിലും അവ അരിയായി വിപണിയിലെത്തിയിട്ടില്ല.

തേങ്ങാവില @60

നാടൻ തേങ്ങയ്ക്ക് വില 60 രൂപയിലെത്തി. തമിഴ്നാട്ടിൽ നിന്നെത്തുന്ന വിളവ് കുറഞ്ഞ തേങ്ങയ്ക്ക് വില 52 - 56 രൂപയാണ്. 35 മുതൽ 50 രൂപ വരെയാണ് കരിക്കിന് ഈടാക്കുന്നത്.

വെളിച്ചെണ്ണയ്ക്ക് ₹250

കഴിഞ്ഞ ജൂണിൽ 120 രൂപയുണ്ടായിരുന്ന വെളിച്ചെണ്ണവില കൊപ്രാക്ഷാമം മൂലം 220 രൂപയിലെത്തി. ബ്രാൻഡഡ് വെളിച്ചെണ്ണയ്ക്ക് പായ്ക്കറ്റിനു വില 240 - 250 രൂപ. സപ്ലൈകോയിൽ 90 രൂപയ്ക്ക് വിറ്റിരുന്ന ശബരി വെളിച്ചെണ്ണ് ഇപ്പോൾ കണികാണാനില്ല. പകരം, ഇത് നോൺ - സബ്സിഡിയാക്കി 205 രൂപയ്ക്ക് വില്ക്കുന്നുമുണ്ട്. കർണാടക, തമിഴ്നാട്, ആന്ധ്രപ്രദേശ് എന്നിവിടങ്ങളിൽ തേങ്ങാ ഉത്പാദനം കുറഞ്ഞതും ശബരിമല സീസണായതുമാണ് വെളിച്ചെണ്ണ വിലയെ മേലോട്ടുയർത്തുന്നത്.

കോഴി വില	₹112
മട്ടൺ	₹550 -600
ബീഫ്	₹300 - 320

വലയ്ക്കാതെ പച്ചക്കറി

പച്ചക്കറി വിലയിൽ കാര്യമായ വർദ്ധനയില്ല. സവാള, ഉള്ളി വിലകൾ നേരിയതോതിൽ കുറഞ്ഞിട്ടുമുണ്ട്. അതേസമയം, മുരിങ്ങയ്ക്കാവില കിലോയ്ക്ക് 110 രൂപയിലെത്തി.

ഓഖിയുടെ ചതി! മീൻ വില പൊള്ളുന്നു

ഓഖി വിതച്ചത് വൻ വിലക്കയറ്റം. മേൽത്തരം ഇനം മീനുകളായ മോത, നൻമീൻ എന്നിവയ്ക്ക് വില കിലോയ്ക്ക് 700 - 800 രൂപയിലെത്തി. വറ്റ, കാളാഞ്ചി ഇനങ്ങൾക്ക് വില 500 രൂപവരെ ഉയർന്നു. ഇടത്തരം കരിമീനിന് വില തുടങ്ങുന്നത് തന്നെ 500 രൂപയിൽ. മലയാളികളുടെ ഇഷ്ട മത്സ്യങ്ങളായ മത്തിയ്ക്ക് 100 രൂപ മുതലും അയലയ്ക്ക് 180 രൂപ മുതലുമാണ് വില.

അരുണാചലിലേക്ക് വരൂ മലയാളികളേ...

▸എം വിഹരീന്ദ്രനാഥ്

കൊച്ചി: അറിയപ്പെടാത്ത അരുണാചൽപ്രദേശിനെ കേരളീയർക്ക് പരിചയപ്പെടാം. ഇന്നലെ കൊച്ചിയിൽ ആരംഭിച്ച ആറാമത്തെ ഇന്ത്യ ഇന്റർനാഷണൽ ട്രാവൽമാർട്ടിൽ അരുണാചൽ ടൂറിസം വകുപ്പും ആദ്യമായി പങ്കെടുക്കുന്നുണ്ട്. കേരളത്തിൽ നിന്ന് ധാരാളം അന്വേഷണങ്ങളുള്ളതിനാലാണ് ഇത്തവണ കൊച്ചിയിൽ എത്തിയതെന്ന് ടൂറിസം വകുപ്പ് ഇൻഫർമേഷൻ ഓഫീസർ തകോം കെന 'കേരളകൗമുദി'യോട് പറഞ്ഞു.

മലയാളികൾക്ക് പുതുമകൾ നിറഞ്ഞയിടമാണ് അരുണാചാൽ പ്രദേശ്. അവിടുത്തെ മൊത്തം ജനസംഖ്യ 13 ലക്ഷം മാത്രം. ചതുരശ്ര കിലോമീറ്ററിലെ ജനസാന്ദ്രത 13. കേരളത്തിലെ ജനസാന്ദ്രത 859.

അരുണാചലിന്റെ 80 ശതമാനവും വനമാണ്. ഓരോ മേഖലയിലും വ്യത്യസ്ത മരങ്ങളും വ്യത്യസ്ത വന്യജീവികളുമാണ്. ബുദ്ധമതക്കാരും ക്രിസ്ത്യാനികളും ഹിന്ദുക്കളും മതമില്ലാത്തവരും പാർക്കുന്ന പ്രദേശം കൂടിയാണ് അരുണാചൽ പ്രദേശ്.

ഇവിടേക്ക് പ്രവേശിക്കാൻ ഇന്ത്യക്കാരനായാലും പ്രത്യേക പാസ് എടുക്കണം. ആധാർ കാർഡോ തിരഞ്ഞെടുപ്പ് കമ്മിഷൻ തിരിച്ചറിയൽ കാർഡോ ഉണ്ടെങ്കിൽ എളുപ്പമായി.

അരുണാചൽ പ്രദേശിൽ ചൈനയുടെ അവകാശ വാദത്തോടുള്ള ചോദ്യത്തിന് കെനയുടെ മറുപടി ഇതായിരുന്നു. ജനങ്ങൾ ഒരിക്കലും ചൈനയുടെ ഭാഗമാകാൻ ആഗ്രഹിക്കുന്നില്ല. ഭാഷാഭേദം ഉണ്ടെങ്കിലും ഞങ്ങൾ വർഷങ്ങളായി സംസാരിക്കുന്നത് ഹിന്ദിയാണ്. അരുണാചലിന്റെ ജൈവവൈവിദ്ധ്യത്തിൽ നോട്ടമിട്ടാണ് ചൈന അവകാശവാദം ഉന്നയിക്കുന്നത്. ജനത ഇത് ഒരിക്കലും അനുവദിക്കാൻ പോവുന്നില്ല- അദ്ദേഹം പറഞ്ഞു.

ഇന്ത്യ ഇന്റർനാഷണൽ ട്രാവൽമാർട്ടിന് തുടക്കമായി

കൊച്ചി: ഇന്ത്യ ഇന്റർനാഷണൽ ട്രാവൽമാർട്ടിന് കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ ഇന്നലെ തുടക്കമായി. വിവിധ സംസ്ഥാന ടൂറിസം വകുപ്പുകളും വിദേശ രാജ്യങ്ങളും പങ്കെടുക്കുന്ന മേളയിൽ 120ലധികം പ്രതിനിധി സംഘങ്ങളുടെ പവിലിയനുകളുണ്ട്. സ്പിയർ ട്രാവൽ മീഡിയ ആൻഡ് എക്സിബിഷൻസാണ് മേളയുടെ സംഘാടകർ.

കേരളത്തിൽ നിന്നുള്ള യാത്രികർക്ക് വിനോദ, ബിസിനസ് യാത്രാ സാദ്ധ്യതകളും ബഡ്ജറ്റും ഫിനാൻസിംഗും നേരിട്ടറിയാനുള്ള അവസരമാണ് പവിലിയനുകൾ നൽകുന്നതെന്ന് സ്പിയർ ട്രാവൽ മീഡിയ ഡയരക്ടർ രോഹിത് ഹംഗൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

കേരളത്തിന് പുറമെ ആൻഡമാൻ ആൻഡ് നിക്കോബാർ, പഞ്ചാബ്, ബോഡൊലാൻഡ് ഛത്തീസ്ഗഢ്, ഗോവ, ജമ്മു കാശ്മീർ, കർണാടക, തമിഴ്നാട്, ആന്ധ്രപ്രദേശ്, രാജസ്ഥാൻ, ഗുജറാത്ത്, മദ്ധ്യപ്രദേശ്, ഡൽഹി, ഹിമാചൽപ്രദേശ്, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ്, ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളുടെ പവലിയനുകൾ ഉണ്ട്.

രാവിലെ 11 മണി മുതൽ വൈകിട്ട് 7 വരെയാണ് സന്ദർശന സമയം. പ്രവേശനം സൗജന്യം. മേള നാളെ സമാപിക്കും.

SCRIP	BSE	NSE
ABB	1400.500	1399.600
ACC	1801.300	1802.100
AMARAJA	860.700	862.900
ANDHARA BANK	57.650	57.750
APOLLOTYRE	278.550	279.050
APPOLOHOS	1173.300	1172.400
ARVINDMILL	470.800	472.300
ASHOKLEY	127.050	127.050
ASIANPNT	1188.850	1188.950
AVAYA GLOBAL	127.900	127.050
AVTNPL	55.900	55.900
AXISBANK	558.250	558.750
BAJAJAUTO	3202.000	3193.400
BALAJITELE	162.350	162.350
BANKOFBARODA	162.850	163.300
BATAIND	749.250	749.700
BEML	1557.850	1556.850
BFLSOFT	716.050	716.200
BHARTI	514.750	514.750
BHEL	103.250	103.500
BIOCON	546.350	546.250
BOI	166.050	166.050
BOMBDYE	284.400	284.350
BPCL	491.900	492.400
BPL	110.650	110.650
BRITANNIA	4720.800	4721.550
BSES	564.750	564.000
CANARABANK	355.750	355.500
CEAT	1967.900	1969.650
CENTURY TEXT	1434.650	1436.300
CHENNAIPETRO	440.450	440.000
CIPLA	612.650	612.350
COLGATE	1124.600	1125.050
CORPBNK	40.050	40.100
D-LINK	132.450	132.650
DABUR	360.050	359.900
DENABANK	26.500	26.500
DIVIS LAB	1098.700	1101.550
DRREDDY	2429.750	2425.350
EIHOTEL	184.650	185.400
ENGGINDIA	193.550	193.800
ESCORTS	811.500	813.150
Excel Infoways Ltd	100.750	101.300
FEDERALBNK	114.150	114.000
FINLXCABLE	724.300	725.100
GAIL	494.850	495.500
GEOJIT	119.550	119.150
GESHIPP	453.450	454.750
GLAXO	2477.900	2480.300
GLENMARK	624.650	627.000
Globus Spirits Ltd	166.850	166.600
GNFC	484.450	484.050
GODREJS	983.600	985.000
GRASIM	1241.300	1244.000
GUJAMBCEM	272.250	271.750
HARMALA	96.750	96.450
HCLINFO	61.300	61.350
HDFC	1740.800	1741.350
HDFCBNK	1870.100	1872.550
HEROHONDA	3706.000	3705.650
HINDALCO	267.850	267.750
HINDLEVER	1379.000	1378.650
HINDUJAFUN	830.800	838.000
HMCHLFUT	35.000	35.050
HPCL	420.850	420.950
I-FLEX	4143.200	4147.400
ICICIBANK	309.450	309.500
IDBI	61.850	61.950
INDHOTEL	143.300	143.550
INDIACEM	192.050	192.050
INFOSYS	1075.600	1075.800
INFOTECH ENT	582.950	582.800
IOB	23.200	23.350
IOC	388.500	388.900
ITC	269.900	269.800
KALECONSULT	1435.700	1436.600
KARUR VYSYA BANK	122.950	123.100
KOPRAN	76.500	76.500
KOTAKM	1017.850	1017.650
L&T	1320.300	1323.550
LICHSGFIN	568.700	568.800
LUPINCHEM	928.250	929.200
LYKALAB	72.750	72.950
M&M	764.900	766.650
MAHABANK	22.550	22.450
Mahindra Holidays	379.650	379.100
MARUTI	9341.500	9339.800
MAXIND	574.250	574.950
MCDOWEL	3825.200	3827.650
MRF	72169.450	72311.950
MUKTAARTS	101.100	100.900
NAICHOLAS	2858.800	2860.100
NEYBELI	110.000	109.950
NHPC Ltd	32.200	32.250
NIIT	114.800	115.100
NTPC	173.100	173.500
OBC	122.350	122.400
Oil India Ltd (OIL)	383.450	383.150
ONGC	197.750	197.900
ONWARDTECI	130.600	130.400
PANACEABIO	238.250	236.750
PETRONET	249.600	249.450
PFIZER	2006.600	2013.500
Pipavav Shipyard	57.550	57.500
POLARIS	392.000	391.000
PRYACEM	448.500	448.500
PTC	120.650	120.650
RAMCOSYS	549.750	549.800
RELCAP	593.450	593.500
RELIANCE	937.200	937.750
ROLTA	75.900	75.900
SAB	32.650	32.650
SAIL	98.250	98.500
SARIGAMA	830.450	828.900
SBI	302.000	302.200
SCI	96.400	96.400
SIB	32.700	32.700
SIEMENS	1299.200	1294.600
SKFBEAR	1833.600	1841.500
SMITHKLC	6405.150	6416.400
STROPTICAL	358.350	358.400
SUNPHARMA	588.400	587.950
SYNDIBANK	77.550	77.400
Tata Communications	676.150	675.050
TATACHEM	770.900	771.000
TATAELXSI	1037.550	1038.100
TATAPOWER	99.550	99.550
TATATEA	313.650	313.300
TCS	2788.400	2790.500
TELCO	434.450	434.750
THERMAX	1297.300	1298.050
THMCOOK	256.900	257.500
TIPSINDIA	114.500	113.600
TISCO	771.600	770.950
TITANIND	907.450	906.900
TRIGYNTECH	148.850	149.050
UCOBANK	31.650	31.700
UNICHEMLAB	358.150	357.700
VESUVIUS	1362.050	1359.300
Vguard	236.150	236.200
VOLTAS	626.450	625.850
WIPRO	321.050	321.100
WONDERLA	397.300	397.500
ZEETELE	581.550	580.000

ദേശീയ ഊർജ്ജ കോൺഗ്രസ് തുടങ്ങി

കളമശ്ശേരി: എനർജി കൺസർവേഷൻ സൊസൈറ്റി സംഘടിപ്പിക്കുന്ന ദേശീയ ഊർജ്ജ കോൺഗ്രസ് ലിറ്റിൽ ഫ്ളവർ കാമ്പസിൽ പ്രൊഫ. വി.സി. ഡോ. കെ. പൗലോസ് ജേക്കബ്ബ് ഉദ്ഘാടനം ചെയ്തു. എനർജി കൺസർവേഷൻ സൊസൈറ്റി പ്രസിഡന്റ് പ്രൊ. വി.കെ. ദാമോദരൻ അദ്ധ്യക്ഷനായി. ഔഷധി ചെയർമാൻ ഡോ. കെ. ആർ .വിശ്വംഭരൻ മുഖ്യപ്രഭാഷണം നടത്തി. എ.എം. കരീം, ഫാ. ജോബി, സുരേഷ് കുമാർ തുടങ്ങിയവർ സംസാരിച്ചു. ഊർജ്ജ കോൺഗ്രസിനോടനുബന്ധിച്ച് ഊർജ്ജക്ഷമതാ ഉപകരണങ്ങളുടെയും പാരമ്പര്യേതര ഊർജ്ജ ഉപകരണങ്ങളുടെയും പ്രദർശനം കളമശ്ശേരി നഗരസഭ ചെയർപേഴ്സൺ ജെസ്സി പീറ്റർ ഉദ്ഘാടനം ചെയ്തു. ഇന്ന് എനർജി മിക്സ് എന്ന വിഷയത്തിൽ പാനൽ ചർച്ച നടക്കും.

കളമശേരിയിൽ ദേശീയ ഊർജ്ജ കോൺഗ്രസ് ഡോ. കെ. പൗലോസ് ജേക്കബ്ബ് ഉദ്ഘാടനം ചെയ്യുന്നു.

റിയൽ മിക്സ് ഡ്രിങ്ക്

കൊച്ചി: റിയൽ മിക്സ് പ്രീമിയം എനർജി ഡ്രിങ്ക് കേരളത്തിൽ വിപണിയിലെത്തി. ആസ്ത്രേലിയയിൽ നിന്ന് ഇറക്കുമതി ചെയ്യാണ് ലഭ്യമാക്കുന്നത്.

മുംബയ് തുറമുഖത്തെ കപ്പൽ അറ്റകുറ്റപ്പണി കൊച്ചി കപ്പൽശാലയ്ക്ക്

കൊച്ചി: മുംബയ് തുറമുഖ ട്രസ്റ്റിന്റെ കപ്പൽ അറ്റകുറ്റപ്പണി സൗകര്യങ്ങളുടെ നടത്തിപ്പും നേതൃത്വവും കൊച്ചി കപ്പൽശാല ഏറ്റെടുത്തു. ഇതു സംബന്ധിച്ച് കൊച്ചി കപ്പൽശാലയും മുംബെയ് പോർട്ട് ട്രസ്റ്റുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു. മുംബായ് തുറമുഖത്തെ ഇന്ദിര കപ്പൽത്തുറയിലെ സൗകര്യങ്ങൾ ഉപയോഗിച്ച് പ്രൊഫഷണൽ രീതിയിൽ കപ്പലുകളുടെ അറ്റകുറ്റപ്പണികൾക്ക് കൊച്ചി കപ്പൽശാല സംവിധാനമൊരുക്കും. ഇത് വാണിജ്യ, പ്രതിരോധ മേഖലകൾക്ക് മുതൽക്കൂട്ടാകുമെന്നാണ് പ്രതീക്ഷ. ധാരണാപത്രം നടപ്പാകുന്നതോടെ ഇന്ദിര ഡോക്കിലെ കപ്പൽ അറ്റകുറ്റപ്പണി സൗകര്യങ്ങൾ വിപുലമാക്കും. ഫ്ലോട്ടിംഗ് ഡ്രൈ ഡോക്കും ഉണ്ടാകും. അതുവഴി കപ്പൽ അറ്റകുറ്റപ്പണികൾ കൂടുതൽ എളുപ്പമാകും.

മുംബെയ് തുറമുഖത്തെ ഹ്യൂഗ്സ് ഡ്രൈ ഡോക്ക് 1914 ൽ നിർമിച്ചതും പടിഞ്ഞാറൻ തീരദേശത്തെ ഏറ്റവും വലുപ്പമുള്ള ഡ്രൈ ഡോക്കുകളിൽ ഒന്നുമാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള കപ്പൽ അറ്റകുറ്റപ്പണി കേന്ദ്രമായി മുംബൈയെ ഉയർത്തുകയാണ് ധാരണാപത്രത്തിലൂടെ ലക്ഷ്യമിടുന്നത്. കപ്പലുടമകൾക്ക് മികച്ച സേവനം നൽകാൻ കഴിയുമെന്ന് കൊച്ചി കപ്പൽശാല അധികൃതർ പറഞ്ഞു.

1982 ൽ കപ്പൽ നിർമാണം ആരംഭിച്ച കൊച്ചി കപ്പൽശാല രാജ്യത്തെ മുൻനിര കപ്പൽ നിർമാണശാലയാണ്. യുദ്ധ കപ്പലുകളുടെയടക്കം അറ്റകുറ്റപ്പണികൾ നിർവഹിച്ച കപ്പൽശാല ടാങ്കറുകളുടെയും ഓയിൽ റിഗ്ഗുകളുടെയും യാത്രകപ്പലുകളുടെയും നിർമാണം മികച്ച രീതിയിൽ പൂർത്തിയാക്കിയിട്ടുണ്ട്. ഇന്ത്യൻ നാവികസേനയുടെ ഡ്രൈ ഡോക്ക് റിപ്പയർ നടത്തുന്ന ഒരേയൊരു സ്ഥാപനം കൂടിയാണ് കൊച്ചി കപ്പൽശാല.

വിനിമയനിരക്ക്

കറൻസി	സെൽ	ബയിംഗ്
ഡോളർ	63.71	63.52
യൂറോ	76.11	76.01
പൗണ്ട്	85.84	85.74
സ്വിസ് ഫ്രാങ്ക്	65.08	64.98
സിംഗപ്പൂർ ഡോളർ	47.79	47.72
ആസ്ട്രേലിയ ഡോളർ	50.15	50.09
കനേഡിയൻ	50.68	50.60
ബഹ്റിൻ ദിനാർ	168.81	
കുവൈറ്റ് ദിനാർ	210.90	
ഒമാനി റിയാൽ	165.34	
സൗദി റിയാൽ	16.97	
യു. എ. ഇ. ദിർഹം	17.33	
ഖത്തർ റിയാൽ	17.48	

കമ്പോളനിലവാരം

കൊച്ചി

വെളിച്ചെണ്ണ മില്ലിംഗ്	20,200
വെളിച്ചെണ്ണ	19,400
കൊപ്ര	13,065-14,100
പിണ്ണാക്ക്എക്സ്പെല്ലർ	3000
പിണ്ണാക്ക്റോട്ടറി	3800
കുരുമുളക്	
ചേറ്റാത്തത്	42,100
കുരുമുളക്പുതിയത്	40,600
കുരുമുളക്ചേറ്റിയത്	44,100
ചുക്ക്മീഡിയം	12,500
ചുക്ക്ബെസ്റ്റ്	13,500
മഞ്ഞൾ	11,500
സേലം-ഈറോഡ്	8500-9000
കാഞ്ഞിരക്കുരു	1850
അടയ്ക്ക	
പുതിയത്	20,000-21,000
അടയ്ക്കപഴയത്	ഇല്ല
പഞ്ചസാര	3700
വറ്റൽമുളക്	8000-15,000
ഉഴുന്ന്	6000-7000
ചെറുപയർ	6500-7300
കടല	5,500-6,500
മുതിര	4500
എള്ള്	11,000
മല്ലി	6,300-9,000
പച്ചരി നമ്പർ-2	2400-3150
പുഴക്കലരി(ജയ)	3700-3750
ജാതിക്കതൊണ്ടൻ	200-230
തൊണ്ടില്ലാത്തത്	380-390
ജാതിപത്രി	500-600
ഗ്രാമ്പു	690
പാംഓയിൽ	6470
പൈനാപ്പിൾ	
പച്ച	20.00
പച്ച (സ്പെഷ്യൽ)	21.00
പഴം	24.00
റബർ	
ആർഎസ്എസ്4	12,800
ആർഎസ്എസ്-5	11,700-12,400
ഒട്ടുപാൽ	8300
ലാറ്റക്സ്	8600

ആലപ്പുഴ

വെളിച്ചെണ്ണ	19700
പിണ്ണാക്ക്	3000
കൊപ്ര	13000
„	13050
„	13100

കോട്ടയം

കമ്പോളനിലവാരം

വ്യാപാരി വില	
ആർ.എസ്.എസ്4	125.50
ആർ.എസ്.എസ്5	121.00
തരംതിരിക്കാത്തത്	109.50, 110.00
ഒട്ടുപാൽ	73.50
റബർ ബോർഡ്	
ആർ.എസ്.എസ്4	12850
ആർ.എസ്.എസ്5	12400
തരംതിരിക്കാത്തത്	11500
ഒട്ടുപാൽ	8930
ബാങ്കോക്ക്	
ആർ.എസ്.എസ്1	10672
ആർ.എസ്.എസ്2	10554
ആർ.എസ്.എസ്3	10446
ആർ.എസ്.എസ്4	10387
ആർ.എസ്.എസ്5	10298
കോലാലമ്പൂർ (ബ്രായ്ക്കറ്റിൽ ഡോളർ വില)	
എസ്.എം.ആർ 20	9470 (149.20)
60% ലാറ്റക്സ്	7476(119.65)
വെളിച്ചെണ്ണ	21500
കൊപ്ര	14000
ശർക്കര (മറയൂർ)	7400
ശർക്കര (പാണ്ടി)	5800

തൃശൂർ

മാർക്കറ്റ്

വെളിച്ചെണ്ണ	19700
കൊപ്ര	13900
തേങ്ങപിണ്ണാക്ക്	2950
എള്ളിൻപിണ്ണാക്ക്	3150
നല്ലെണ്ണ	2200
കടലെണ്ണ	2200
അടയ്ക്ക കൊക്കാലെ	
പഴയത്	4000-4600
രണ്ടാംതരം	1000-2000
അമല	
പുതിയത്	4000-4530
പഴയത്	4200-4860
രണ്ടാംതരം	2600-3300
അടയ്ക്ക പഴഞ്ഞി	
പഴയത്	4100-4700
പുതിയത്	4000-4350
രണ്ടാംതരം	2600-3300

നെടുമങ്ങാട്

കമ്പോളനിലവാരം

കുരുമുളക്(പഴയത്)	380 (കിലോ)
കുരുമുളക്(പുതിയത്)	350 (കിലോ)
പച്ചക്കുരുമുളക്	143(„)
കൊട്ടപ്പാക്ക്	180(„)
വരവുമേനി	140(„)
റബ്ബർ	112(„)
ഒട്ടുപാൽ	67(„)
ജാതിക്ക	160(„)
ജാതിപരിപ്പ്	260(„)
ജാതിപത്രി	450(„)
ഗ്രാമ്പൂ	500(„)
കാപ്പിപരിപ്പ്	95(„)
കൊക്കോ	10(„)
തേങ്ങ	50(„)
സ്വർണം	
കൊച്ചി(8ഗ്രാം)	21,960
ഒരുഗ്രാം	2745
വെള്ളി	
തിരുവനന്തപുരം	43000
കൊച്ചി	43000

ശാസ്ത്രകൗമുദി

കണ്ണുതുറന്നിരിക്കാം, ഗ്ലോമയ്ക്കെതിരെ

രോഗി അറിയാതെ കണ്ണിന്റെ കാഴ്ചശക്തി നശിപ്പിക്കുന്ന രോഗമാണ് ഗ്ലോക്കോമ. കണ്ണിന്റെ ഇൻട്രാ ഓക്കുലർ പ്രഷറിലുണ്ടാകുന്ന വ്യത്യാസങ്ങളാണ് ഗ്ലോക്കോമയ്ക്ക് കാരണം. പ്രഷർ വർദ്ധിക്കുന്നത് കണ്ണിനെ മസ്തിഷ്കവുമായി ബന്ധിപ്പിക്കുന്ന ഒപ്ടിക് നേർവിനെ (കണ്ണിന്റെ പല ഭാഗത്തു നിന്നുള്ള നാഡീനാരുകൾ ചേർന്നുണ്ടാകുന്നതാണ് ഒപ്ടിക് നേർവ്) ബാധിക്കുന്നു. നേത്രാന്തരഭാഗത്തെ സമ്മർദ്ദം സഹിക്കാനാവാതെ വരുമ്പോൾ നാഡീനാരുകൾ ക്ഷയിക്കുന്ന അവസ്ഥയാണ് ഗ്ലോക്കോമ. നാഡീനാരുകൾ നശിച്ച് തുടങ്ങുന്ന ആദ്യഘട്ടത്തിൽ രോഗിക്ക് കാഴ്ചയ്ക്ക് പ്രശ്നമോ ഏതെങ്കിലും അസ്വസ്ഥതകളോ അനുഭവപ്പെടണമെന്നില്ല. ചിലർക്ക് കണ്ണുകൾക്കും തലയ്ക്കും വേദനയുണ്ടായേക്കാം. കണ്ണിലെ പ്രഷറിൽ വ്യതിയാനമുണ്ടോയെന്ന് വർഷത്തിലൊരിക്കലെങ്കിലും പരിശോധിക്കണം. കുടുംബത്തിൽ ഗ്ലോക്കോമ രോഗികൾ ഉള്ളവർ വളരെ നേരത്തെ തന്നെ പരിശോധന നടത്തണം. തുള്ളിമരുന്നുകളിലൂടെ അമിതമർദ്ദം ചെറുക്കാം. ഇതുകൊണ്ട് തടയാനാവുന്നില്ലെങ്കിൽ ശസ്ത്രക്രിയയാണ് ഗ്ലോക്കോമയ്ക്കുള്ള പ്രതിവിധി.

കൗമുദി ടിവി

6.00 ഡിവോഷണൽ സോംഗ്
6.26 am, pm ദൈവദശകം
7.30 പ്രണവം
8.30 ന്യൂസ്ട്രാക്ക്
9.00 ഡേവിത്ത് എസ്റ്റാർ
10.00 ജി.ഐ.ടി.ഡി.
10.35 സ്വയംവരം
12.35 സാൾട്ട് ആൻഡ് പെപ്പർ
1.35 ഡ്രീം ഡ്രൈവ്
2.35 ലേഡീസ് അവർ
5.35 സ്ട്രെയിറ്റ് ലൈൻ
6.35 ദേവാമൃതം
7.00 ഹാസ്യരസം
7.35 സ്നേക്ക് മാസ്റ്റർ
8.00 ഹരിതം സുന്ദരം
9.35 താരപ്പകിട്ട്

DAILY
Every 1 Hr
10:30AM To
09:30PM
Kaumudy
Headlines

ഡിഡി മലയാളം
7.00 കൃഷിദർശൻ
8.00 മേഘരാഗം

ഡിഡി കേരളം
11.30 കൃഷിദർശൻ
2.00 മാജിക്കൽ ഫിങ്കേഴ്സ്
8.30 ചാറ്റ്ഷോ
10.30 ചായക്കൂട്ട്
11.00 ഗാന ശ്യാമ സന്ധ്യ

ഏഷ്യാനെറ്റ്
6.00 വേഴാമ്പൽ
6.30 ശ്രീമുരുകൻ
7.00 വാനമ്പാടി

ന്യൂസ്
8.00 ന്യൂസ്
8.30 ചുറ്റുവട്ടം
12.30 സ്മാർട്ട് ഡ്രൈവ്
2.30 ഡോ. ലൈവ്

ഏഷ്യാനെറ്റ് പ്ലസ്
8.30 കോമഡി ടൈം
6.30 ഹിറ്റ്സ് ഓഫ് ബഡായി ബംഗ്ലാവ്
10.0 0 വിശ്വസിച്ചാലും ഇല്ലെങ്കിലും

HBO
06:00am Saturday Night Fever
07:54 See Spot Run
09:41 Green Lantern
11:46 Sully
01:23 The Conjuring
03:15 The Hangover Part III
07:05 XXx: Return of Xander Cage
09:00 Tower of Death
10:48 Eurotrip

STAR MOVIES
07:15am Commando
09:02 Titanic
12:42 Fantastic Four
02:44 Fantastic Four: Rise of the Silver Surfer
04:30 Ice Age: Continental Drift
06:18 Life of Pi
09:00 Alice in Wonderland
11:15 Independence Day

സിനിമ

ഏഷ്യാനെറ്റ് hd : 9.00 ഓം ശാന്തി ഓശാന
ഏഷ്യാനെറ്റ് മൂവീസ്: 7.00 കിലുകിൽ പമ്പരം 9.00 റാംജി റാവു സ്പീക്കിംഗ് 1.00 ഇന്നത്തെ ചിന്താവിഷയം 4.00 റോമിയോ
ഏഷ്യാനെറ്റ്: 9.00 ഓം ശാന്തി ഓശാന
ഏഷ്യാനെറ്റ് പ്ലസ്: 12.00 ഫീമെയിൽ ഉണ്ണികൃഷ്ണൻ
എസിവി: 9.00 ഡാനി 2.00 ഏഴാം അറിവ് 9.30 പച്ചമരത്തണലിൽ
റോസ്ബൗൾ: 10.00 മഹൽ 2.00 രംഗീല
ജുക്ക്ബോക്സ്: 6.30 അപൂർവ സഹോദരങ്ങൾ
കൈരളി: 9.00 ഇപ്പോഴും നിൻ ഓർമ്മകൾ 1.15 ഉത്തമ വില്ലൻ
വി: 12.30 ജെയിംസ് ബോണ്ട് 8.00 പൊൻമുട്ടയിടുന്ന താറാവ്

ANIMAL PLANET
06:00am Monster Wars
07:00 Wild Cats
08:00 Animal Planet Exclusives
10:00 Lords of the Jungle
11:00 Survival Games
12:22 World of the Wild
01:33 The Pack
02:00 Wildest Survival
05:00 Wild Cats
06:30 World of the Wild
07:00 Animal Planet Exclusives
08:00 Monster Wars
09:00 Lords of the Jungle
10:00 Survival Games

SONY PIX
06:00am Angels & Demons
07:54 The Huntsman: Winter s War
10:21 Hitch
12:55 Fast Five
03:16 Captain America: The Winter Soldier
06:17 Van Helsing
09:00 The Incredible Hulk

നിങ്ങളുടെ ഇന്ന്

കൂറുകളുടെ അടിസ്ഥാനത്തിൽ (2018 ജനവരി 12, വെള്ളി)

മേടം : *(അശ്വതി, ഭരണി, കാർത്തിക ആദ്യ കാൽ ഭാഗം വരെ)*
തൊഴിൽ രംഗത്ത് പുരോഗതി. സാഹസ പ്രവൃത്തികൾ അരുത്. കരാറിൽ നിന്ന് പിന്മാറും.

ഇടവം: *(കാർത്തിക അവസാന മുക്കാൽ ഭാഗം രോഹിണി, മകയിരം ആദ്യപകുതി വരെ)*
ജോലിയിൽ മാറ്റം. വിട്ടുവീഴ്ചാമനോഭാവം. സാമ്പത്തിക നേട്ടം.

മിഥുനം : *(മകയിരം രണ്ടാം പകുതിഭാഗം, തിരുവാതിര, പുണർതം ആദ്യം മുക്കാൽ ഭാഗം)*
കാര്യങ്ങളിൽ പുരോഗതി. മുൻകോപം അരുത്. സ്വന്തം സ്ഥലത്തേക്ക് ജോലിമാറ്റം.

കർക്കടകം : *(പുണർതം അവസാന കാൽ ഭാഗം, പൂയം, ആയില്യം)*
ബന്ധങ്ങളിൽ പുരോഗതി. മേലധികാരിയുടെ അനുമോദനം. പ്രവർത്തനമേഖലകളിൽ ഉയർച്ച.

ചിങ്ങം : *(മകം, പൂരം, ഉത്രം കാൽ ഭാഗം)*
സഹായമനസ്ഥിതി വർദ്ധിക്കും. ഔദ്യോഗിക മേഖലയിൽ ശ്രദ്ധ വേണം. കുടുംബത്തിൽ ശാന്തിയും സമാധാനവും.

കന്നി : *(ഉത്രം അവസാന മുക്കാൽ ഭാഗം, അത്തം, ചിത്തിര ആദ്യ പകുതിഭാഗം)*
ഈശ്വരാനുഗ്രഹം ഉണ്ടാകും. അനുകൂല തീരുമാനമുണ്ടാകും. പ്രവൃത്തികൾ ഫലപ്രദമാകും.

തുലാം : *(ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം ആദ്യപകുതി)*
ആരോഗ്യം ശ്രദ്ധിക്കണം. വാഹനയാത്ര സൂക്ഷിക്കണം. മനസമാധാനം.

വൃശ്ചികം : *(വിശാഖം അവസാന കാൽ ഭാഗം, അനിഴം, തൃക്കേട്ട)*
ആത്മവിശ്വാസം വർദ്ധിക്കും. സഹപ്രവർത്തകരുടെ സഹകരണം. കാര്യങ്ങളിൽ പുരോഗതി.

ധനു: (മൂലം, പൂരാടം, ഉത്രാടം 15 നാഴിക)
മത്സരരംഗങ്ങളിൽ വിജയിക്കും. അഭിപ്രായവ്യത്യാസം തീരും. പ്രവർത്തന മേഖലയിൽ ഉയർച്ച.

മകരം: *(ഉത്രാടം അവസാന മുക്കാൽഭാഗം, തിരുവോണം, അവിട്ടം- ആദ്യപകുതി).*
ഉദ്യോഗമാറ്റത്തിന് സാദ്ധ്യത. നിരവധി കാര്യങ്ങൾ ചെയ്തുതീർക്കും. ആരോഗ്യകാര്യങ്ങളിൽ ശ്രദ്ധിക്കും.

കുംഭം: *(അവിട്ടം 30 നാഴിക, ചതയം, പൂരുരുട്ടാതി, 45 നാഴിക)*
യാത്രകൾ വേണ്ടിവരും. കഴിവുകൾ പ്രകടിപ്പിക്കും. നിരീക്ഷണങ്ങളിൽ വിജയിക്കും.

മീനം: *(പൂരുരുട്ടാതി അവസാന കാൽഭാഗം, ഉത്രട്ടാതി, രേവതി).*
കാര്യങ്ങൾ ലക്ഷ്യപ്രാപ്തിയിലെത്തും. സേവന പ്രവർത്തനങ്ങൾ ചെയ്യും. ഔദ്യോഗികമായി നേട്ടം.

- ഗോപകുമാർ ശർമ്മ